**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 104** **27-06-2022 - ൽ മറുപടിയ്ക്ക്**

**നടിയെ അക്രമിച്ച കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളത്ത് നടിയെ അക്രമിച്ച കേസ് സർക്കാർ അട്ടിമറിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | കേസിന്റെ തുടരന്വേഷണം ക്രൈം ബ്രാഞ്ച് മേധാവിയുടെ മേൽനോട്ടത്തിൽ ശരിയായ ദിശയിൽ പുരോഗമിക്കുന്നു. |
| (ബി) | കോടതിയിൽ തെളിവായി സമർപ്പിച്ച മെമ്മറി കാർഡിന്റെ ഹാഷ് വാല്യൂ മാറിയിട്ടുണ്ട് എന്ന് ഫോറൻസിക് ലാബ് ജോയിന്റ് ഡയറക്ടർ 29/1/2020 ന് സർക്കാരിനെ അറിയിച്ചിരുന്നോ; എങ്കിൽ ഇതിന്മേൽ അന്ന് തന്നെ അന്വേഷണം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | സർക്കാരിനെ അറിയിച്ചിരുന്നില്ല. |
| (സി) | കേസിലെ പ്രധാന പ്രതിയായ നടനെ മുൻ ഡി ജി പി നിരവധി തവണ വിളിക്കുകയും കേസ് അട്ടിമറിക്കാൻ ശ്രമിക്കുകയും ചെയ്തു എന്ന ആരോപണത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) | മുൻ ഡി.ജി.പി കേസ് അട്ടിമറിക്കാൻ ശ്രമിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) | നിരവധി അട്ടിമറികൾ നടന്നു എന്ന് അന്വേഷണ ഉദ്യോഗസ്ഥന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ നടപടി എടുക്കാൻ വൈകിയതിന്റെ കാരണം വിശദമാക്കാമോ ? | (ഡി) | കേസ് അന്വേഷണ ഘട്ടത്തിലായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താനാവില്ല. |

സെക്ഷൻ ഓഫീസർ